പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3758 30.01.2014 ൽ മറുപടിക്ക്

## ട്രാഫിക്ക് നിയമങ്ങളെക്കുറിച്ച് ബോധവൽക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ:<br>" അൻവർ സാദത്ത് :<br>" ആർ. സെൽവരാജ് :<br>" എം. പി. വിൻസെന്റ് : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ട്രാഫിക് നിയമങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (എ) | ജനങ്ങളിൽ ട്രാഫിക് നിയമങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന പരിപാടിയുടെ ഭാഗമായി മോട്ടോർ വാഹന വകുപ്പും, കേരള റോഡ് സുരക്ഷാ അതോറിറ്റിയും കർമ്മപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി എല്ലാ വിഭാഗത്തിലും പെട്ട ഡ്രൈവർമാർക്ക് പരിശീലനവും മറ്റു ബോധവത്കരണ പരിപാടികളും നടത്തിവരുന്നു. ഡ്രൈവിംഗ് ലൈസൻസിനപേക്ഷിച്ചവർക്ക് പ്രീ ഡ്രൈവേഴ്സ് പരിശീലനം, അധ്യാപർക്കും, വിദ്യാർത്ഥികൾക്കുമുള്ള പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, ട്രാൻസ്പോർട്ട് ഡ്രൈവർമാർക്കുള്ള പരിശീലനം എന്നിവ ഈ പരിപാടിയുടെ ഭാഗമായി നടത്തി വരുന്നുണ്ട്. പരിശീലനത്തിന്റെയും, ബോധവൽക്കരണത്തിന്റെയും ഭാഗമായി പുസ്തകങ്ങൾ, നോട്ടീസുകൾ, പാംഫ്ലറ്റുകൾ എന്നിവയും അച്ചടിച്ച് വിതരണം ചെയതുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം ഏജൻസികളേയും വകുപ്പുകളേയു മാണ് ഇതിനായി സഹകരിപ്പിക്കാനുദ്ദേശി ക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ, നാറ്റ്പാക്, സന്നദ്ധ സംഘടനകൾ, ദൃശ്യ - ശ്രവ്യ മാധ്യമങ്ങൾ, ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എന്നീ വകുപ്പുകളും ഏജൻസികളുമാണ് സഹകരിക്കുന്നത്. |
| (സി) | ഇതിനായി മോട്ടോർ വാഹന വകുപ്പിൽ പ്രത്യേകം ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | ട്രാഫിക് നിയമങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിലേക്കായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ നേതൃത്വത്തിൽ റോഡ് സുരക്ഷ ലക്ഷ്യം വച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ കോളേജ് തലത്തിൽ റോഡ് സുരക്ഷാ അവബോധം വളർത്തുന്നതിലേക്കായി റോഡ് സുരക്ഷാ ക്ലബ്ബുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതു തലമുറയെ ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിനും റോഡു സുരക്ഷ ഉറപ്പാക്കുന്നതിനും പ്രേരിപ്പിച്ചുകൊണ്ട് അപകടങ്ങൾ ഒഴിവാക്കുന്നതിന് ഇത്തരം നടപടികളിൽ കൂടി സാധിക്കുന്നതാണ്. കൂടാതെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹായത്തോടെ മോട്ടോർ വാഹന വകുപ്പ് ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന പരിപാടിയുടെ ഭാഗമായി നിരവധി പരിശീലന ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ